Bishop George Rajendran sdb
Diocese of Thuckalay

ஆயர் சுற்றுமடல்

Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

**Circular letter No/GR/29/2021**

**ഇടയ ലേഖനം**

**ഈശോ മിശിഹായിൽ സ്നേഹം നിറഞ്ഞവൈദീകരേ, സന്യസ്തരേ, പ്രിയസഹോദരീ സഹോദരന്മാരേ, വാത്സല്യകുഞ്ഞുങ്ങളേ, നമ്മുടെ പിതാവായ ദൈവത്തിന്റെയും കർത്താവായ ഈശോ മിശിഹായുടെയും കൃപയും സമാധാനവും നിങ്ങളോടുകൂടെ ഉണ്ടാകുമാറാകട്ടെ.**

**'ഒരുപിതാവിന്റെഹൃദയത്തോടെ' എന്നതിരുവെഴുത്തിലൂടെ 2020 ഡിസം.8 –ന്പരി.പിതാവ്ഫ്രാൻസിസ്പാപ്പാ, ഈ വർഷം, അതായത് 2021 വി. യൗസേപ്പിതാവിന്പ്രത്യേകം പ്രതിഷ്ഠിതമായ ആണ്ടായി പ്രഖ്യാപിച്ച് ആഗോള കത്തോലിക്കാതിരുസഭയ്ക്ക് നല്കി.**

**വി.യൗസേപ്പിതാവ്തിരുസ്സഭാ സംരക്ഷകനെന്ന് പ്രഖ്യാപിതമായതിന്റെ 150- )0 വാർഷികസ്മരണക്കായിട്ടാണ് ഈ തിരുവെഴുത്ത്നല്കപ്പെട്ടിരിക്കുന്നത്. ഈ തിരുവെഴുത്തിലെ യൗസേപ്പിതാവിനെ സംബന്ധിക്കുന്ന ചില പ്രധാനപ്പെട്ട കാര്യങ്ങൾ നിങ്ങളെഅറിയിക്കുന്നതോടൊപ്പം നമ്മുടെ രൂപതയിലും ഇടകകളിലും യൗസേപ്പിതാവിന്റെ വർഷം അർഹമായ പ്രാധാന്യത്തോടെ എപ്രകാരം ആഘോഷിക്കണമെന്നും ഈ ലേഖനത്തിലൂടെ ഞാൻ നിങ്ങളെ അറിയിക്കുന്നു.**

- **യൗസേപ്പിതാവ്മറിയത്തിനു ഭർത്താവും ഈശോയ്ക്ക് പിതാവും തിരുക്കുടുംബത്തിന്റെ സംരക്ഷകനും ആയിരുന്നു. ഈശോയെ ജ്ഞാനത്തിലും പ്രായത്തിലും വളർത്തുവാൻ ത്യാഗ പൂർണ്ണമായ ജീവിതം നയിച്ചു ( No.8).**
- **രക്ഷാകര ചരിത്രത്തിൽ അദ്ദേഹം സ്നേഹംനിറഞ്ഞ പിതാവായി എല്ലാവരാലും പുകഴ്ത്തപ്പെടുന്നു.**
- **ഈശോയുടെ കരുണാമയനായ പിതാവ്. ഈശോ ജ്ഞാനത്തിലും പ്രായത്തിലും വളർന്നു വരുവാൻ സഹായിയായി വർത്തിച്ച യൗസേപ്പിതാവാണ്.**

- ദൈവ സ്നേഹത്തിന്റെ നേർസാക്ഷ്യമായി വിളങ്ങിയ യൗസേപ്പിതാവ്. ദൈവത്തിന്റെ കരുണാർദ്രസ്നേഹം എപ്രകാരമുള്ളതാണെന്ന് സ്നേഹം ധൂർത്തടിക്കുന്ന പിതാവിന്റെ ഉപമയിലൂടെ ഈശോ നമ്മോടു പറയുന്നു (ലൂക്ക . 15:11 - 32 ).
- ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം, ജീവിതത്തിൽ നേരിടുന്ന എല്ലാ സംശയങ്ങളെയും കൊടുങ്കാറ്റുകളെയും ദു:ഖദുരിതങ്ങളെയും നേരിടാൻ നമ്മെ പ്രാപ്തരാക്കുമെ യൗസേപ്പിതാവിന്റെ ജീവിതം ചൂണ്ടിക്കാണിക്കുന്നു.
- യൗസേപ്പിതാവ്ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തിയ സ്വപ്നങ്ങളിൽ മാലാഖയിലൂടെ വന്ന ദൈവികവെളിപാടിലൂടെ ആയിരുന്നു.
- യൗസേപ്പിതാവ് ഒരുപാഠശാലയായിരുന്നു. അവിടെ നിന്നുമാണ് ഉണ്ണിയീശോ അനുസരണം ആഭ്യസിച്ചത് (ലൂക്ക .2:51, ഫിലി.2:8, ഹെബ്രാ.5:8 ).
- നിബന്ധനകളില്ലാതെ എല്ലാവരെയും സ്വീകരിച്ച യൗസേപ്പിതാവ്. എല്ലാ സാഹചര്യങ്ങളിലും യാതൊരു നിബന്ധനകളും ഇല്ലാതെ അദ്ദേഹം മറിയത്തെ സ്വീകരിച്ചു. ഇതിന് അടിസ്ഥാനമായിനിന്നത്ദൈവദൂതന്റെ വചനങ്ങളിലുള്ള അടിയുറച്ച വിശ്വാസമാണ്.
- തച്ചനായ വി.യൗസേപ്പ് ആശാരിപ്പണിയിലൂടെ കുടുംബം പുലർത്തിയയൗസേപ്പിതാവ് അദ്ധ്വാനത്തിന്റെ മഹത്വം ലോകത്തിനു നല്കുന്നു. ഈശോ യാകട്ടെ യൗസേപ്പിതാവിനോട്ചേർന്ന് അദ്ധ്വാനിച്ചു. അദ്ധ്വാനത്തിലൂടെ ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിൽ മനുഷ്യൻ പങ്കു ചേരുന്നു. അതിനാൽ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് യൗസേപ്പിതാവിന്റെ മാധ്യസ്ഥം തേടാം.
- ദൈവം മനുഷ്യനെ സ്നേഹിക്കുന്നതു പോലെ യൗസേപ്പിതാവ് ഈശോയെ സ്നേഹിച്ചു (സംഖ്യ 25:). സമാധാനംനിറഞ്ഞ പിതാവായി അദ്ദേഹം സദാകാണപ്പെട്ടു.
- യൗസേപ്പിതാവിന്റെ മാതൃകയിൽ, ദരിദ്രർ, നിരാലംബർ, അനാഥശിശുക്കൾ എന്നിവരെ നോക്കി ഓരോപ്രേഷിതശുശ്രൂഷകനും ഓരോ ഇടയനും പൗലോസ്ശ്ലീഹായെപ്പോലെ “നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായിരിക്കാം; എന്നാൽ പിതാക്കന്മാർ അധികമില്ല. സുവിശേഷ പ്രസംഗംവഴി യേശുക്രിസ്തുവിൽ നിങ്ങൾക്കു ജന്മം നൽകിയത് ഞാനാണ് (1കൊറി. 4:15) എന്നു പറയുവാൻ സാധിക്കണം. സ്വേച്ഛാധികാരികളെയല്ല; മറിച്ച്ത്യാഗ നിർഭരരായ പിതാക്കന്മാരെയാണ് ഇന്നോകത്തിനാവശ്യം.
- മൗനിയായ യൗസേപ്പിതാവ്: അദ്ദേഹം നിശബ്ദനായിരുന്നതിനു കാരണം എല്ലാം ദൈവം നോക്കിക്കൊള്ളും എന്ന അഗാധമായ വിശ്വാസമാണ്.

അദ്ദേഹം പൂർണ്ണമായും ദൈവത്തിൽ വിശ്വസിച്ചതിനാൽ പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ ജീവിക്കുവാൻ സാധിച്ചു.

യൗസേപ്പിതാവിന്പ്രതിഷ്ഠതമായ കാലം ഒരു വർഷം നീണ്ടു നിൽക്കുന്നെങ്കിലും നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും 2021-ലെ മാർച്ചി യൗസേപ്പിതാവിന്റെ മാസമായി ആചരിക്കുവാൻ ഞാൻനിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഈശോയുടെ പീഡാസഹനവും കുരിശു മരണവും ഉത്ഥാനവും പ്രത്യേക വിധം അനുസ്മരിക്കുന്ന ഈനോമ്പിൽ, രക്ഷാകര ചരിത്രത്തിൽ യൗസേപ്പിതാവ്വഹിച്ച മഹത്തായ പങ്കിന്റെ ആഴങ്ങളിലേയ്ക്കിറങ്ങുവാൻ മാർച്ച് 19-നുനാം കൊണ്ടാടുന്ന അദ്ദേഹത്തിന്റെ മരണത്തിരുന്നാൾ നമ്മെ പ്രാപ്തരാക്കട്ടെ .

വി.യൗസേപ്പിതാവിന് പ്രത്യേകം പ്രതിഷ്ഠിതമായിരിക്കുന്ന ഈ വർഷത്തിൽ ഇടവക തലത്തിൽ പ്രാവർത്തികമാക്കേണ്ട പ്രവർത്തന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. യൗസേപ്പിതാവിന്റെ തിരുസ്വരൂപം വഹിച്ചു കൊണ്ട്ഭവനങ്ങളിലേയ്ക്ക്പ്രദക്ഷിണവും പ്രത്യേക പ്രാർത്ഥനകളും നടത്തുക.
2. എല്ലാ ദിവസവും ഭവനങ്ങളിൽ യൗസേപ്പിതാവിന്റെ തിരുസ്വരൂപത്തിനു മുൻപിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് പ്രാർത്ഥിക്കുക.
3. യൗസേപ്പിതാവിനെ പ്രത്യേകം സ്മരിക്കുന്ന ബുധനാഴ്ചകളിൽ ദിവ്യബലി ആഘോഷമായി നടത്തുക.
4. മാർച്ച് മാസം' വിശുദ്ധ മാസം' എന്ന് പ്രഖ്യാപിക്കുകയും ആ മാസം യൗസേപ്പിതാവിന്റെ തിരുന്നാൾ ആഘോഷമായി കൊണ്ടാടുകയും ചെയ്യുക.
5. വി. യൗസേപ്പിതാവിന്റെ ധ്യാനം, തിരുക്കുടുംബ ധ്യാനം എന്നിവ സംഘടിപ്പിക്കുക.
6. ഇടവകയിലുള്ളനിർധനയായ ഒരുവിധവയ്ക്കവീടു വച്ചു കൊടുക്കുക.
7. ദിവ്യബലിയിൽ യൗസേപ്പിതാവിനെ സ്മരിച്ചു കൊണ്ട് പ്രത്യേക കാറോസൂസ ചൊല്ലുക.

അവസാനമായി, യൗസേപ്പിതാവ് ഒരുവാക്കുപോലും ഉരിയാടാതെ, നാലു സ്വപ്നങ്ങളിലൂടെ (മത്താ. 1:20,21;2:13,2:20,2:22), ദൈവദൂതൻമുഖേന ദൈവം അരുളിച്ചെയ്തതെല്ലാം അതേപടി വിശ്വസിച്ചു കൊണ്ട്ദൈവസ്നേഹത്തിലും പരസ്നേഹത്തിലും തന്റെ ശരീരവും, സമ്പത്തും , ആത്മാവും സമർപ്പിച്ചു. യൗസേപ്പിതാവ്സ്നേഹം കൊണ്ടു മാത്രം തിരുക്കുടുംബത്തെ കണ്ണിലെകൃഷ്ണ

മണി പോലെ സംരക്ഷിച്ചു. അതുപോലെ നമ്മുടെ കുടുംബങ്ങളെയും യൗസേപ്പിതാവ്സംരക്ഷിക്കുമാറാകട്ടെ. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും ധാരാളമായി ആശീർന്മദിക്കട്ടെ.

എന്ന് ഈശോ മിശിഹായിൽ

മാർ ജോർജ്ജ്‌രാജേന്ദ്രൻ SDB
തക്കല രൂപതയുടെ മെത്രാൻ

തക്കലരൂപതാലയം.

**16 - 02 - 20 21**

-----------------------------------------

ഈഇടയലേഖനംഎല്ലാവരുടെയുംഅറിവിലേയ്ക്കായിഫെബ്രുവരി 28, 2021 ഞായറാഴ്ചദിവ്യബലി മധ്യേ എല്ലാ ഇടവകകളിലുംവായിക്കേണ്ടതാണ്.

വി.യൗസേപ്പിതാവിന്റെ വർഷം–2021

കാറോസൂസ - മാർച്ച് മാസം

---

ശുശ്രൂഷി: ഞങ്ങളുടെരക്ഷകന്റെകാവൽക്കാരനും , പരി. കന്യകാമറിയത്തിന്റെവിരക്തഭർത്താവുമായയൗസേപ്പിതാവേ,അങ്ങയുടെപരിപാവന മായകരങ്ങളിലാണല്ലോതന്റെതിരുക്കുമാരനെദൈവംഭരമേല്പിച്ചത്.പരി. മറിയം അങ്ങയിൽ പരിപൂർണ്ണമായും വിശ്വാസം അർപ്പി ക്കുകയുംഅങ്ങയുടെസംരഷണത്തിൽ ക്രിസ്തുമനുഷ്യനായിഅവതരിക്കയും ചെയ്തു. അങ്ങ്ഞങ്ങൾക്കുംപിതാവായിരുന്നു കൊണ്ട്ഞങ്ങളുടെജീവിതയാത്രയിൽഞങ്ങൾക്ക്നേർ വഴികാട്ടണമേ.ഞങ്ങൾക്കാവശ്യമായഎല്ലാ അനുഗ്രഹങ്ങളുംനല്ല പ്രചോദനങ്ങളും നല്കിഎല്ലാതിന്മകളിൽ നിന്നുംഞങ്ങളെ സംരക്ഷിക്കണമെന്നവി.യൗസേപ്പിതാവിന്റെമധ്യസ്ഥതയിൽ കർത്താവേഅങ്ങയോടു ഞങ്ങൾപ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേഞങ്ങളുടെപ്രാർത്ഥനകേൾക്കണമേ.